# റൂളിംഗ്

## 9-3-2017-ന് മുഖ്യമന്ത്രി സഭയിൽ നടത്തിയ പരാമർശം സംബന്ധിച്ച്

മി. സ്പീക്കർ: 2017 മാർച്ച് 9-ാം തീയതി അടിയന്തിരപ്രമേയ അവതരണവുമായി ബന്ധപ്പെട്ട മറുപടി പ്രസംഗത്തിനിടയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ ചില പരാമർശങ്ങൾ ചട്ടം 307 പ്രകാരം രേഖയിൽ നിന്ന് നീക്കം ചെയ്യണമെന്ന് ശ്രീ. വി.ഡി. സതീശൻ എം.എൽ.എ. ആവശ്യപ്പെടുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ പരാമർശം പിൻവലിക്കാത്തതിൽ പ്രതിഷേധിച്ച് 9-3-2017, 10-3-2017 എന്നീ തീയതികളിൽ ബഹുമാനപ്പെട്ട പ്രതിപക്ഷം സഭ ബഹിഷ്ക്കരിക്കുകയും ഉണ്ടായി. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ നടത്തിയ വിശദീകരണവും ഇതുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന അഭിപ്രായങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങളും ചെയർ വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ചെയറിനു ബോധ്യപ്പെട്ടത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസ്താവന അദ്ദേഹത്തിനുണ്ടായ രാഷ്ട്രീയമായ അഭിപ്രായം സംശയരൂപേണ പ്രകടിപ്പിക്കുക മാത്രമാണ് ചെയ്തത് എന്നാണ്.

തുടർന്ന് പ്രസ്തുത പ്രസ്താവനയുടെ നിജസ്ഥിതി സംബന്ധിച്ച് ബന്ധപ്പെട്ടവർക്ക് വിശദീകരിക്കാൻ അവസരം ലഭ്യമായിട്ടുണ്ടെന്നും, അതിന്റെ അടിസ്ഥാനത്തിൽ പ്രതിപക്ഷ നേതാവ് തന്റെ ഭാഗം ഭംഗിയായി വിശദീകരിച്ചു കഴിഞ്ഞതായും ചെയർ മനസ്സിലാക്കുന്നു. മാത്രവുമല്ല കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 307 പ്രകാരം അപകീർത്തിപരമായിട്ടുള്ളതോ, അൺപാർലമെന്ററിയായിട്ടുള്ളതോ ആയ പരാമർശങ്ങൾ എന്ന ഗണത്തിൽ പെടുത്താവുന്നവയല്ല ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളതെന്ന് ചെയറിന് കാണാൻ കഴിഞ്ഞത്. എന്നാൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ വാചകം നീക്കം ചെയ്തതുമായി ബന്ധപ്പെട്ട് ഇതിനെ താരതമ്യം ചെയ്യുന്നതിൽ യുക്തിരാഹിത്യമുണ്ട്. ഈ സഭാ തലത്തിൽ നിന്നും പുറത്തേയ്ക്ക് വമിക്കുന്ന ആശയങ്ങളോ, വാദമുഖങ്ങളോ, പൊതു സമൂഹത്തിൽ തെറ്റിദ്ധാരണയോ, കുപ്രചരണത്തിന് സാധ്യതയുണ്ടാക്കുന്നതോ, അതുവഴി സമൂഹത്തിൽ ഭിന്നിപ്പ് സൃഷ്ടിക്കാൻ കഴിയുന്നതോ ആകരുതെന്ന് ചെയറിന് നിർബന്ധമുണ്ട്. ഒരുപക്ഷേ പ്രതിപക്ഷനേതാവ് ഉദ്ദേശിക്കാത്ത അർത്ഥം പോലും വ്യാഖ്യാനിക്കപ്പെടാനുള്ള ഒരു സാഹചര്യം ഒഴിവാക്കേണ്ട ചുമതല

ചെയറിനുണ്ട്, അത് ചെയറിന്റെ ബോധ്യമാണ്. ചെയർ നൽകിയ ഒരു റൂളിംഗിനെ സംബന്ധിച്ച് വീണ്ടും വിശദീകരണം നൽകാറില്ലെങ്കിലും ആവർത്തിച്ച് ഇക്കാര്യം ഉന്നയിക്കപ്പെട്ടതിനാലാണ് ചെയർ ഇതു സംബന്ധിച്ചും ചില കാര്യങ്ങൾ പറയാൻ ശ്രമിച്ചത്. രാഷ്ട്രീയമായ വിമർശനങ്ങളും ആരോപണങ്ങളും സഭയിൽ പതിവുള്ളതാണ്. അതിന് രാഷ്ട്രീയമായി മറുപടി പറയാൻ അവർക്ക് അവസരമൊരുക്കുക എന്ന ദൗത്യമാണ് ചെയറിന് സ്വീകരിക്കാൻ കഴിയുക. രാഷ്ട്രീയ അഭിപ്രായങ്ങളെയെല്ലാം സഭാരേഖയിൽ നിന്ന് നീക്കം ചെയ്യുക എന്ന കീഴ്വഴക്കം ഇതുവരെ സ്വീകരിച്ചതായി കാണുന്നില്ല. ആയതിനാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പരാമർശം സഭാ രേഖകളിൽ നിന്ന് നീക്കം ചെയ്യേണ്ടതില്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.

ഓർഡർ....ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2017 മാർച്ച് മാസം 14-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 2.44-ന് പിരിഞ്ഞു)